പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 62 — 28.05.2019- ൽ മറുപടിക്ക്

## കേരളത്തിന്റെ പ്രളയനാന്തര പുനർനിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.എൽദോ എബ്രഹാം<br>,,വി.ആർ. സുനിൽ കുമാർ : | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പ്രളയശേഷമുള്ള സംസ്ഥാന പുനർനിർമ്മാണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ഫലപ്രദമായി നടന്നുവരുന്നു. ഇവയിൽ പ്രധാനപ്പെട്ട ചിലത് താഴെ ചേർക്കുന്നു.<br>സംസ്ഥാനത്തൊട്ടാകെ പ്രളയത്തിൽ പൂർണ്ണമായും തകർന്ന 14888 വീടുകളിൽ 9329 വീടുകൾ ഗുണഭോക്താക്കൾ തന്നെ നിർമ്മാണം നടത്തുന്നതിന് സന്നദ്ധത അറിയിച്ചിട്ടുള്ളതും അതിൽ 1618 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. 9066 വീടുകൾക്ക് ആദ്യ ഗഡുവും 5939 വീടുകൾക്ക് രണ്ടാം ഗഡുവും, 3233 വീടുകൾക്ക് മൂന്നാം ഗഡുവും അനുവദിച്ചു കഴിഞ്ഞിട്ടുള്ളതാണ്. Care Home പദ്ധതി പ്രകാരം 1990 വീടുകളുടെ പുനർനിർമ്മാണമാണ് ഏറ്റെടുത്തിട്ടുള്ളത് അവയിൽ 1915 വീടുകൾക്ക് ആദ്യ ഗഡു അനുവദിച്ചിട്ടുണ്ട്. 937 വീടുകളുടെ നിർമ്മാണം ഇപ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്. വീടും വസ്തുവും നഷ്ടപ്പെട്ട 518 കേസുകളിൽ 22 പേർക്ക് പബ്ലിക്ക് ലാന്റ് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ 61 പേർക്ക് ജില്ലാ ഭരണകൂടങ്ങൾ വഴി ഭൂമി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ 233 ഗുണഭോക്താക്കൾ നേരിട്ടും ഭൂമി വാങ്ങിയിട്ടുണ്ട്. 201 ഗുണഭോക്താകൾക്ക് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുറമ്പോക്കിൽ വസിച്ചിരുന്ന 1302 പേരുടെ വീടുകൾ നഷ്ടപ്പെട്ടിട്ടുണ്ട്. അവരിൽ 525 പേർക്ക് പബ്ലിക്ക് ലാൻഡും 92 പേർക്ക് ജില്ലാ ഭരണകൂടങ്ങൾ വഴിയും 12 ഗുണഭോക്താക്കൾ നേരിട്ടും ഭൂമി ലഭ്യമാക്കിയിട്ടുണ്ട്. 616 ഗുണഭോക്താക്കൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ദുരന്ത സാധ്യത മേഖലകളിൽ നിന്ന് പുനരധിവാസം ആവശ്യമായ 567 കുടുംബങ്ങൾ ആണുള്ളത്. അവരിൽ 30 പേർക്ക് പബ്ലിക്ക് ലാൻഡും 46 പേർക്ക് ജില്ലാ ഭരണകൂടങ്ങൾ വഴിയും 27 കുടുംബങ്ങൾക്ക് നേരിട്ടും ഭൂമി |

ലഭ്യമാക്കിയിട്ടുണ്ട്. 92 കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പ്രാദേശിക സ്പോൺസർഷിപ്പ് വഴി 1225 വീടുകളുടെ നിർമ്മാണമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. അവയിൽ 582 വീടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി പ്രകാരം 245 വീടുകളും അതോടൊപ്പം സ്റ്റേറ്റ് ലെവൽ സ്പോൺസർഷിപ്പ് വഴി 217 വീടുകളുടെ നിർമ്മാണവും ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ ഭാഗികമായി നാശം സംഭവിച്ച വീടുകൾ (15%, 16-29%, 30-59%, 60-74% വരെ), പൂർണ്ണമായി നാശം സംഭവിച്ച വീടുകൾ (75% ന് മേലെ) എന്നിങ്ങനെ തരം തിരിച്ചാണ് ധനസഹായം അനുവദിക്കുന്നത്. ഓരോ വിഭാഗത്തിലും ധനസഹായം നിരക്കുകൾ യഥാ ക്രമം 10,000/- രൂപ 60,000/- രൂപ 1,25,000/- രൂപ, 2,50,000/-രൂപ, 4,00,000/- രൂപ എന്നിങ്ങനെയായി മിനിമം റിലീഫ് കോഡ് നിർണ്ണയിച്ചിട്ടുണ്ട്. അപ്രകാരം 251227 വീടുകളുടെ പുനർനിർമ്മാണത്തിനായി ആകെ 1163.17 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ജില്ലാകളക്ടർമാരിൽ pending ആയ അപ്പീൽ അപേക്ഷകളിന്മേൽ തീർപ്പ് കല്പിക്കുന്നതിനായി ഡെപ്യൂട്ടി കളക്ടറുടെ സേവനം വിട്ടു നല്കുവാനും അപ്പീൽ അപേക്ഷകൾ 2019 മെയ് അവസാനത്തോടെ തീർപ്പാക്കുവാനും നിർദ്ദേശം നല്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും തുക കണ്ടെത്തി പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നഗരകാര്യ വകുപ്പ് 1274 റോഡുകൾക്കായി 2018-19 വർഷത്തിൽ 12 കോടി രൂപയും 2019-20 വർഷത്തേയ്ക്ക് 18 കോടി രൂപയും നീക്കി വച്ചിട്ടുണ്ട്. പൊതുമരാമത്തുവകുപ്പ് പ്രളയാനന്തര റോഡ് പുനരുദ്ധാരണത്തിനായി നോൺ പ്ലാൻ ,പ്ലാൻ ഇനങ്ങളിലായി 1400 കോടി രൂപയുടെയും പദ്ധതികൾക്കു ഭരണാനുമതി നൽകി പൂർത്തീകരിച്ച് വരുന്നു.

കുടുംബശ്രീ പദ്ധതിയിൽപ്പെടുത്തി റീസർജന്റ് കേരള ലോൺ ഇനത്തിൽ 1348.18 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കി. പ്രളയക്കെടുതിയിൽ ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് വരുമാനമാർഗ്ഗം കണ്ടെത്തുക ലക്ഷ്യമിട്ട് ARISE പദ്ധതിപ്രകാരം 50000 പേർക്ക് വിവിധ മേഖലകളിൽ തൊഴിൽ പരിശീലനം നൽകുന്നു. കൂടാതെ, കെട്ടിടനിർമ്മാണം പൂർണ്ണമായും ഏറ്റെടുക്കാൻ പ്രാപ്തിയുള്ള 246 കൺസ്ട്രക്ഷൻ ഗ്രൂപ്പുകൾ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്.

| | |
|---|---|
| | വ്യവസായ വകുപ്പ് പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് തങ്ങളുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി ഉജ്ജീവന പദ്ധതി നടപ്പാക്കി വരുന്നു. കൂടാതെ പ്രളയബാധിതരെ സഹായിക്കാനായി പുനർജനി എന്ന പേരിൽ പുതിയ വായ്പാപദ്ധതിക്ക് KSIDC രൂപം നൽകുകയും ചെയ്തു.<br>സംസ്ഥാനത്തൊട്ടാകെ ഉണ്ടായ പ്രളയത്തിൽ കൃഷിനാശം സംഭവിച്ച 238376 കർഷകർക്ക് എസ്.ഡി.ആർ. ഫണ്ടിൽ നിന്നും 78.43കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട് വരൾച്ച മൂലം കൃഷിനാശം സംഭവിച്ച 11035 കർഷകർക്ക് 10.83 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ഇതിനു പുറമേ സംസ്ഥാന വിഹിതമായി 165 കോടി രൂപ 354810 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച 54 കോടി രൂപ ഉൾപ്പെടുന്നു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തിരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുകയും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 152350 കർഷകർക്ക് നഷ്ടപരിഹാരമായി 51 കോടി രൂപ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ചെളി, പാറ, മണ്ണ് എന്നിവ നീക്കം ചെയ്യുന്നതിന് 21.26 കോടി രൂപ 24500 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ക്ഷീര വികസന വകുപ്പിന്റെ നേതൃത്വതിൽ 400 പശുക്കളെ വിതരണം ചെയ്തു. വകുപ്പിന്റെ ആഭിമുഖ്യത്തിൽ 665 ലക്ഷം രൂപയുടെ സഹായം ക്ഷീര കർഷകർക്കായി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, 22 കോടി രൂപയുടെ പ്രത്യേക പുനരധിവാസ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>ഇപ്രകാരം പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായിത്തന്നെ പൂർത്തീകരിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നു. |
| (ബി) ഈ പുനർനിർമ്മാണത്തിന് ഏതൊക്കെ സ്രോതസ്സുകളിൽ നിന്ന് സഹായം ലഭ്യമായെന്ന് വ്യക്തമാക്കാമോ; | (ബി) പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് താഴെ പറയുന്ന സ്രോതസ്സുകളിൽ നിന്ന് സഹായം ലഭ്യമാക്കി വരുന്നു.<br>• മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി.<br>• സംസ്ഥാന ബജറ്റ്.<br>• പദ്ധതി വിഹിതങ്ങളുടെ പുനർവിന്യാസം.<br>• ക്രൗഡ് ഫണ്ടിംഗ്.<br>• ദേശീയ ദുരന്ത പ്രതികരണ നിധി. |

| | | | |
|---|---|---|---|
| | | | • കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക കീഴിൽ കൂടുതൽ വകയിരുത്തൽ.<br>• കേന്ദ്ര ഗവൺമെൻറ് പദ്ധതികളുടെ കീഴിൽ ഫ്ലെക്സി ഫണ്ടിന്റെ വിന്യാസം.<br>ഇതിനു പുറമെ ലോകബാങ്ക്, KfW മുതലായ ബഹുവിധ ഏജൻസികളിൽ നിന്നും സഹായം ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (സി) | ഇതിന് ആവശ്യമായ സാങ്കേതികസഹായം ഏതൊക്കെ മേഖലകളിൽ നിന്ന് ലഭ്യമായെന്ന് അറിയിക്കുമോ; | (സി) | വിവിധ വകുപ്പുകളുടെ സാങ്കേതിക പരിജ്ഞാനവും കേരള കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാന കേന്ദ്രം, സൈന്യത്തിന്റെ എഞ്ചിനീയറിംഗ് ദൗത്യ സംഘം (Engineering Task Force) , ഐക്യരാഷ്ട്രസഭയുടെ ദൗത്യ സംഘം, ലോകബാങ്ക് വിദഗ്ധർ എന്നിവരിൽ നിന്നുള്ള സാങ്കേതിക സഹായം ഉപയോഗപ്പെടുത്തി. ഇതിനു പുറമെ വിവിധ രാഷ്ട്രങ്ങളും സ്ഥാപനങ്ങളും സംസ്ഥാനത്തിന് സാങ്കേതിക സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇവ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | പ്രളയത്തിൽ ജനങ്ങൾക്ക് നഷ്ടമായ ജീവനോപാധികളുടെ പുനഃസ്ഥാപനത്തിന് എന്തൊക്കെ സഹായങ്ങൾ ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ; | (ഡി) | ജീവനോപാധികളുടെ പുനസ്ഥാപനം അതീവ പ്രാധാന്യത്തോടെ കണ്ടു കൊണ്ട് സർക്കാർ വിവിധപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>കുടുംബശ്രീ പദ്ധതിയിൽപ്പെടുത്തി റീസർജന്റ് കേരളലോൺ ഇനത്തിൽ 1348.18 കോടിരൂപയുടെ ധനസഹായം ലഭ്യമാക്കി.പ്രളയക്കെടുതിയിൽ ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് വരുമാനമാർഗ്ഗം കണ്ടെത്തുക ലക്ഷ്യമിട്ട് ARISE പദ്ധതിപ്രകാരം 50000പേർക്ക് വിവിധ മേഖലകളില് തൊഴില് പരിശീലനം നൽകുന്നു. കൂടാതെ, കെട്ടിടനിർമ്മാണം പൂർണ്ണമായും ഏറ്റെടുക്കാന് പ്രാപ്തിയുള്ള 246 കൺസ്ട്രക്ഷന് ഗ്രൂപ്പുകള് കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്.<br>വ്യവസായ വകുപ്പ് പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് തങ്ങളുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി *'ഉജ്ജീവന'* പദ്ധതി നടപ്പാക്കി വരുന്നു. കൂടാതെ പ്രളയബാധിതരെ സഹായിക്കാനായി പുനർജനിഎന്ന പേരില് പുതിയ വായ്പാപദ്ധതിക്ക് KSIDCരൂപം നൽകുകയും ചെയ്തിട്ടുണ്ട്. കാർഷിക മേഖലയുടെ സമഗ്ര പുനരുജ്ജീവനത്തിനായി ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധപ്രവർത്തകർ, അഗ്രോസർവ്വീസ് സെന്റർ - കാർഷിക കർമ്മസേന അംഗങ്ങള്, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി *'പുനർജനി'* എന്ന പേരിൽ കാർഷികമേഖലയുടെ പുനഃസൃഷ്ടിയ്ക്കായി, അടിയന്തിര പ്രാധാന്യമുള്ള പ്രവർത്തികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | ഇതിനു പുറമേ, അതിജീവനക്ഷമതയുള്ള, പരിസ്ഥിതി സൗഹൃദമായ തരത്തിൽ പുനർനിർമാണം നടത്തുന്നതിനുള്ള ദീർഘകാല പദ്ധതികൾ സംസ്ഥാന തലത്തിൽ രൂപപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന് (ആർ.കെ.ഐ)ന് രൂപം നൽകി. ആർ.കെ.ഐയുടെ നേതൃത്വത്തിൽ തയാറാക്കിയ കേരള പുനർനിർമാണത്തിന്റെ അടിസ്ഥാന രേഖയായ കേരള പുനർനിർമാണ വികസന പരിപാടി (RKDP)ക്ക് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്. ലോകബാങ്ക് പോലുള്ള ഏജൻസികളിൽനിന്ന് വികസന വായ്പയുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. |
| (ഇ) | പ്രളയത്തിൽ നശിച്ച റോഡ്, പാലം തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങളുടെ പുനഃസ്ഥാപനത്തിന്റെ പുരോഗതി അറിയിക്കുമോ? | (ഇ) | പ്രളയത്തിൽ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണത്തിനായി ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും ഉള്ള നടപടികൾ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു. ദുരന്തനിവാരണ ഫണ്ടിൽ നിന്നും ലഭ്യമായ തുക ഉപയോഗിച്ച് മണ്ണിടിച്ചിൽ മൂലം ഉണ്ടായ ഗതാഗത തടസ്സം മാറ്റുകയും , 889 കി.മീ. റോഡിന്റെ ചെറിയ തകരാറുകൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. നോൺ പ്ലാൻ ഫണ്ട് ഉപയോഗിച്ച് 6176 കി.മീ റോഡുകളുടെ അറ്റകുറ്റപ്പണികളും കലുങ്കുകളും ഓടകളും സംരക്ഷണ ഭിത്തികളും പുനർനിർമ്മിക്കുന്ന പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്. പുനർനിർമ്മാണത്തിന് പ്ലാൻ നോൺ പ്ലാൻ ഇനങ്ങളിലായി 1400 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>പ്രളയത്തിൽ നാശനഷ്ടം നേരിട്ട ഇടുക്കി ജില്ലയിലെ പെരിയാവാര പാലം, തൃശ്ശൂർ ജില്ലയിലെ വെറ്റിലപ്പാറ പാലം, വയനാട് ജില്ലയിലെ പൊല്ലാം പാറ പാലം എന്നിവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 7.34 കോടി രൂപക്കുള്ള ഭരണാനുമതി നൽകി പ്രവൃത്തികൾ നടന്നുവരുന്നു.<br>ഇതിനു പുറമേ സെൻട്രൽ റോഡ് ഫണ്ടിൽപ്പെടുത്തി 54 റോഡുകൾക്കും 2 പാലങ്ങൾക്കുമായി 801 കോടി രൂപക്കുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**